കോട്ടയം	-	2
ഇടുക്കി	-	3
എറണാകുളം	-	6
തൃശ്ശൂർ	-	7
പാലക്കാട്	-	7
മലപ്പുറം	-	8
കോഴിക്കോട്	-	4
വയനാട്	-	4
കണ്ണൂർ	-	3
കാസർഗോഡ്	-	1

(എഫ്) പരിശോധിക്കുന്നതാണ്.

ബൈപ്പാസുകളുടെ പുനർനിർമ്മാണം

8 (*248) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതയിൽ പണി പൂർത്തീകരിക്കാതെ കിടക്കുന്ന ബൈപ്പാസുകളുടെ പുനർനിർമ്മാണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ദേശീയപാതയിലെ ഏതൊക്കെ ബൈപ്പാസുകളുടെ നിർമ്മാണം ആണ് പൂർത്തിയാക്കാതെ കിടക്കുന്നതെന്നു വെളിപ്പെടുത്തുമോ ;

(സി) ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനത്തിന് തടസ്സമായിട്ടുള്ള ഘടകങ്ങൾ എന്തൊക്കെയെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ ;

(ഡി) ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ബൈപ്പാസുകളുടെ പണിയാണ് സംസ്ഥാനത്ത് ദേശീയപാതയിൽ നടന്നുവരുന്നത്. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപ്പാസ്സുകളുടെ പണി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള ഒരു സാദ്ധ്യതാപഠനത്തിന് കേന്ദ്രഗവൺമെന്റിൽ നിന്ന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കാണ് നടക്കുന്നത്. ഇത് ഘട്ടം ഘട്ടമായാണ് ലഭിക്കുന്നത്. ദേശീയപാത 47-ൽ വരുന്ന കൊല്ലം ആലപ്പുഴ ബൈപ്പാസുകൾ ദേശീയപാത 17-ൽ വരുന്ന കണ്ണൂർ, തലശ്ശേരി-മാഹി, കോഴിക്കോട് എന്നീ ബൈപ്പാസുകൾ ബി. ഒ. ടി (നിർമ്മിക്കുക, പ്രവർത്തിപ്പിക്കുക, കൈമാറുക) അടിസ്ഥാനത്തിൽ പൂർത്തിയാക്കാനുള്ള സാദ്ധ്യതാപഠനത്തിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

മത്സ്യഫെഡിന്റെ വികസന പ്രവർത്തനങ്ങൾ

9 (*249) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയസഹകരണവികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ മത്സ്യഫെഡ് എന്തെങ്കിലും വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) അലങ്കാര മത്സ്യം വളർത്തൽ പദ്ധതിക്ക് കേന്ദ്രമാനവശേഷി വിഭവ മന്ത്രാലയം മത്സ്യഫെഡിന് തുക നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകിയത് ; എന്നാണ് തുക ലഭിച്ചത് ;

(ഡി) ദേശീയ സഹകരണ വികസനകോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് പുതുതായി മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എന്ന് വ്യക്തമാക്കാമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) ഉൾനാടൻ, കടലോര മേഖലകളിലെ മത്സ്യത്തൊഴിലാളികളുടെ വികസനത്തിനായി 2000-2001 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള 2736.45 ലക്ഷം രൂപ അടങ്കൽ തുക വരുന്ന "സംയോജിത മത്സ്യവിപണന പദ്ധതി 2000-2001" ഇതിനായി മത്സ്യഫെഡ് തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിന്റെ പരിശോധനയിലാണ്.

(സി) ഉണ്ട്. 19.59 ലക്ഷം രൂപ 4-10-1999-ൽ

(ഡി) ഉണ്ട്. 100 മത്സ്യവിപണന കേന്ദ്രങ്ങൾ വിവിധ ജില്ലകളിലായി താഴെ പറയും പ്രകാരം ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം	11
കൊല്ലം, പത്തനംതിട്ട	10
ആലപ്പുഴ	17
എറണാകുളം	12

LIBRARY ARCHIVES Kerala Legislative Assembly